# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2575 　　　 19.12.2012 ൽ മറുപടിക്ക്

## കായംകുളം താലൂക്കാശുപത്രിയിലെശോച്യാവസ്ഥയ്ക്ക് പരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. സദാശിവൻ | ശ്രീ. വി എസ് ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) താലൂക്ക് ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ വിശദമാ ക്കാമോ ; | (എ) നിലവിൽ അനുവദിക്കപ്പെട്ട കിടക്കകളുടെ അടിസ്ഥാനത്തിലും നിലവിലെ പ്രവർത്തനവും അടിസ്ഥാന സൗകര്യങ്ങളും കണക്കിലെടുത്താണ് തസ്തികകൾ സൃഷ്ടിച്ച് സ്റ്റാഫിനെ നിയമിച്ച് വരുന്നത്. |
| (ബി) കായംകുളം ഗവൺമെന്റ് ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്തിയപ്പോൾ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ; | (ബി) 6.11.2008 ലെ ജി.ഒ (എം.എസ്) 568/ 2008/ആ.കു.വ പ്രകാരമാണ് ഗവൺമെന്റ് ആശുപത്രി കായംകുളത്തിനെ താലൂക്കാശുപത്രിയാക്കി ഉയർത്തിയത്. സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ ഇതുവരെ സർക്കാരിന് ലഭിച്ചിട്ടില്ല. |
| (സി) കായംകുളം താലൂക്കാശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിലേക്ക് 22.6.2012 ൽ ബഹു. ആരോഗ്യവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ; | (സി) പ്രസ്തുതയോഗത്തിൽ പ്രവർത്തനരഹിത മായിരുന്ന ഓപ്പറേഷൻ തീയറ്റർ പുതുക്കി മോഡ്യുലാർ തിയറ്ററായി മാറ്റുന്നതിനായി ഭൗതികസാഹചര്യങ്ങളും സ്റ്റാഫ് പാറ്റേണും വർദ്ധിപ്പിക്കുന്നതിന് തീരുമാനമുണ്ടായി. |
| (ഡി) ഇതിൽ ഏതെല്ലാം തീരുമാനങ്ങൾ നടപ്പിലാക്കി എന്ന് വിശദമാക്കുമോ ? | (ഡി) പ്രവർത്തന രഹിതമായിരുന്ന ഓപ്പറേഷൻ തീയറ്റർ നവീകരിച്ച് 16.12.2012 മുതൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ